മാതൃഭൂമി

13 August 2025

# അറബിക്കടൽ തീരത്ത് തിമിംഗിലങ്ങൾ ചത്തടിയുന്നത് കൂടിയെന്ന് പഠനം



**കൊച്ചി**▸ കഴിഞ്ഞ ഒരു ദശകത്തിനിടെ അറബിക്കടൽ തീരത്ത് തിമിംഗിലങ്ങൾ ചത്തടിയുന്നത് പത്ത് മടങ്ങ് വർധിച്ചതായി കണ്ടെത്തൽ. കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം നടത്തിയ (സിഎംഎഫ്ആർഐ) പഠനത്തിലാണിത് കണ്ടെത്തിയത്. 2004-2013 കാലത്ത് ഇത് പ്രതിവർഷം 0.3 ശതമാനമായിരുന്നത് 2013-2023 കാലയളവിൽ പ്രതിവർഷം മൂന്നു ശതമാനമായാണ് വർധിച്ചത്.

കേരളം, കർണാടക, ഗോവ തീരങ്ങളിലാണ് തിമിംഗിലങ്ങൾ ഏറ്റവും കൂടുതൽ ചത്തടിയുന്നത്. വർധിച്ച കപ്പൽ ഗതാഗതം, മത്സ്യബന്ധനം, പാരിസ്ഥിതിക ഘടകങ്ങൾ, ആഴം കുറഞ്ഞ തീരക്കടൽ എന്നിവ ഇതിന് ആക്കം കൂട്ടുന്നു.

കടലിലെ ശബ്ദമലിനീകരണം, കപ്പൽ അപകടങ്ങൾ, ആവാസ കേന്ദ്രങ്ങളുടെ തകർച്ച എന്നിവ തിമിംഗിലങ്ങളുടെ നിലനിൽപ്പിന് ഭീഷണിയാകുന്നുണ്ട്. 2003 മുതൽ 2023 വരെയുള്ള കണക്കുകളാണ് പഠന വിധേയമാക്കിയത്.

ബ്രൈഡ്സ് തിമിംഗിലമാണ് കൂടുതലായി ചത്ത് തീരത്ത് അടിയുന്നത്. 2023-ലെ സർവേയിൽ മാത്രം ഒൻപത് തിമിംഗിലങ്ങളാണ് ചത്തടിഞ്ഞതായി കണ്ടെത്തിയത്. കൂടുതലായും ഓഗസ്റ്റ്-നവംബർ മാസങ്ങളിലാണിത്. കഴിഞ്ഞ 20 വർഷത്തിനിടയിലെ ഏറ്റവും ഉയർന്ന നിരക്കാണിത്.

കാലവർഷത്തോടനുബന്ധിച്ച് ഇന്ത്യയുടെ പടിഞ്ഞാറൻ തീരക്കടലുകളിലെ ഉയർന്ന ഉത്പാദനക്ഷമത ചെറുമത്സ്യങ്ങളുടെ വർധനയ്ക്ക് സഹായകരമാകും. ഇതിനെ ലക്ഷ്യംവെച്ച് തീരക്കടലിലേക്ക് നീങ്ങുന്ന തിമിംഗിലങ്ങൾ പലപ്പോഴും കരയോടു ചേർന്ന ആഴംകുറഞ്ഞ പ്രദേശങ്ങളിൽ കുടുങ്ങുകയോ കരയ്ക്കടിയുകയോ ചെയ്യും. ഇതോടൊപ്പം പ്രക്ഷുബ്ധമായ കടൽ കാരണം ദിശയറിയാനുള്ള ശേഷി നഷ്ടപ്പെടും. ഇതാണ് മൺസൂൺ സമയത്ത് തിമിംഗിലങ്ങൾ ചത്ത് തീരത്തടിയുന്നത് കൂടാൻ കാരണമാകുന്നത്.

ഇന്ത്യയിലെ സമുദ്രസസ്തനികളുമായി ബന്ധപ്പെട്ട ദേശീയ ഗവേഷണ പ്രോജക്ടിനു കീഴിൽ സീനിയർ സയന്റിസ്റ്റ് ഡോ. ആർ. രതീഷ് കുമാറിന്റെ നേതൃത്വത്തിലായിരുന്നു പഠനം. ഈ പഠനം വിശദീകരിക്കുന്ന ഗവേഷണ പ്രബന്ധം റീജണൽ സ്റ്റഡീസ് ഇൻ മറൈൻ സയൻസ് എന്ന ജേണലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.